കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തമ്പാനൂർ ഭാഗത്ത് നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓപ്പറേഷൻ അനന്ത കർമ്മ പദ്ധതി പ്രകാരം കൈക്കൊള്ളേണ്ട നടപടികൾ തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (കൈ)നം.175/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 26/05/2015.

<u>ഉത്തരവ്</u>

തമ്പാനൂർ ഭാഗത്ത് നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള കർമ്മപരിപാടിയായ ഓപ്പറേഷൻ അനന്തയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

1. തമ്പാനൂർ ഭാഗത്ത് നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 (സെൻട്രൽ ആക്ട് 53) ന്റെ വകുപ്പുകൾ അനുസരിച്ച് 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ സ്വീകരിച്ചിട്ടുള്ള കൈയ്യേറ്റങ്ങളും നിർമ്മാണങ്ങളും പൊളിച്ചുമാറ്റുന്ന നടപടിയും പഴവങ്ങാടിയിൽ നിന്നും തെക്കുംകര കനാൽ വരെ നീളുന്ന ഓടകൾക്ക് മുകളിലുള്ള കൈയ്യേറ്റം കരിമഠം കോളനിയുടെ സമീപത്ത് തെക്കനംകര കനാലിന്റെ ഭാഗത്തുള്ള അനധികൃത കൈയ്യേറ്റങ്ങളും തമ്പാനൂരിലെ കനാലുകൾക്ക് മുകളിലുള്ള അനധികൃത നിർമ്മാണങ്ങളും പൊളിച്ചുമാറ്റുന്നതുമായ ഒഴിപ്പിക്കൽ നടപടികളും മഴവെള്ളം സംഭരിക്കാനായി മുമ്പ് നികത്തപ്പെട്ട മാഞ്ഞാലിക്കുളത്തെ അതിന്റെ പൂർവ്വസ്ഥിതിയിലാക്കുന്നതിനും പൊന്നറ ശ്രീധർ പാർക്കിംഗ് ഗ്രൗണ്ടിന് ചുറ്റും മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനും സ്വീകരിച്ച നടപടികൾക്ക് സാധൂകരണം നൽകുന്നു.

2. ഓപ്പറേഷൻ അനന്തയുടെ തുടർ പ്രവർത്തനങ്ങൾ നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി എന്നിവർ അവലോകനം ചെയ്യുന്നതാണ്.

3. ദുരന്തനിവാരണപ്രവർത്തനങ്ങൾക്ക് ഉപദേശം നൽകാനായി ന്യൂഡൽഹിയിലെ Information Technology Research Academy (ITRA) ലെ Government Initiative- ന്റെ തലവനായ ഡോ: ആർ.കെ. ദാവെയുടെ പ്രതിഫലേച്ഛ ഇല്ലാത്ത സേവനം ഉപയോഗപ്പെടുത്തുന്നതാണ്. ഇതിനായി അദ്ദേഹത്തിനുള്ള യാത്രാ ചെലവും താമസവും ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

4. മഴക്കാലം തുടങ്ങുന്നതിന് മുമ്പായി റോഡരികെയുള്ള ഓടകൾ വൃത്തിയാക്കുന്നതിലേക്കായി തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന തുക ഇപ്പോൾ നടത്തുന്ന ഓടകൾ ചെളികോരി വൃത്തിയാക്കുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടതാണ്.

5. തിരുവനന്തപുരം നഗരത്തിൽ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ ഓടകളിലും പരിസര പ്രദേശത്തും കെട്ടി കിടക്കുന്ന ഖരമാലിന്യങ്ങളുടെയും പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും നിർമ്മാർജ്ജനം വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പാക്കേണ്ടതാണ്.

6. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡരികിലും മറ്റും കിടക്കുന്ന ഉപയോഗശൂന്യവും പഴകി ദ്രവിച്ചതുമായ വാഹനങ്ങളെ കണ്ടം ചെയ്ത് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (LBA&A), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.